# 2

# അതെന്തെല്ലാമാണ്?

# (1:8)

അപ്പൊസ്തല പ്രവൃത്തികളുടെ ഏറ്റവും ലളിതമായ ബാഹ്യരേഖ പ്രവൃത്തി 1:8 ആണ്: (1) യെരുശലേമിൽ സാക്ഷീകരിക്കൽ (1–7), (2) പാലസ്തീനിലെ ശേഷിച്ച ഭാഗത്തു സാക്ഷീകരിക്കൽ (8–12), (3) ഭൂമിയുടെ അറ്റത്തോളം സാക്ഷീകരിക്കൽ (13–28). രണ്ടു ഭാഗങ്ങളായി, പ്രവൃത്തികളുടെ പുസ്തകത്തെ ചിലർ വിഭജിക്കും. വേറേ ചിലർ ഒന്നും രണ്ടും ഭാഗം ചേർത്തു നാലായി വിഭജിക്കുന്നു, പ്രവൃത്തി 1:8 നെ, രണ്ടായി തിരിച്ചുകൊണ്ട് 13–28 വരെ രണ്ടു ഭാഗങ്ങളായി തിരിക്കുന്നു: (3) പൗലോസിന്റെ മിഷനറി യാത്ര (13–21) (4) പൗലോസിന്റെ തടവും റോമിലേക്കുള്ള യാത്രയും (22–28) മറ്റുള്ളവർ വ്യത്യസ്ത പോയിന്റുകൾ വെച്ചു വിഭജിക്കുന്നു. ഉദാഹരണമായി ചിലർ "ലൂക്കൊസിന്റെ പ്രസ്താവനകളുടെ ചുരുക്കം" (പ്രവൃത്തി 6:7; 9:31; 12:24; 16:5; 19:20; 28:30, 31) സ്വാഭാവിക പോയിന്റുകൾ, എടുത്തു പുസ്തകത്തെ ആറു ഭാഗങ്ങളായി തിരിക്കുന്നു.

നമ്മുടെ പഠനത്തിനായി,നാം പ്രവൃത്തി1:8 ലെ, മൂന്നു ഭാഗങ്ങൾ ഉപയോഗിക്കുന്നു മൂന്നാമത്തെ പോയിന്റിൽ പിരിവുകളും ഉൾപ്പെടുത്തിയിട്ടുണ്ട്:

I. യെരുശലേമിൽ സാക്ഷികൾ (1–7)
II. പാലസ്തീന്റെ ശേഷിച്ച ഭാഗങ്ങളിൽ (8–12)
III. ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ (13–28)
   A. പൗലോസിന്റെ മിഷനറി യാത്ര (13–21)
   B. പൗലോസിന്റെ തടവും റോമിലേക്കുള്ള യാത്രയും (22–28)[1]

**വിഷയങ്ങൾ**

നിരവധി തട്ടുകളായി പ്രവൃത്തികളുടെ പുസ്തകം പഠിക്കാൻ കഴിയും, പുസ്തകത്തിൽ ഊന്നിപറഞ്ഞിരിക്കുന്ന ഒന്നിലധികം നിരയായി, പട്ടം ആയി വെച്ചിരിക്കുന്ന ഉപദേശത്തെ അറിയുവാൻ പ്രവൃത്തികളുടെ പുസ്തകം പ്രയോജനപ്രദമായി ഒരാൾക്കു പഠിക്കാൻ കഴിയും. വീണ്ടും തുല്യ പ്രയോജനത്തോടെ വ്യത്യസ്ത ഊന്നൽ കൊടുത്തു കൊണ്ടും, പഠിക്കാം. പ്രവൃത്തികളുടെ പുസ്തകം സമീപിക്കാവുന്ന കുറച്ചു നിലപാടുകൾ:

**1. ഭൂതകാലങ്ങൾ**

കഴിഞ്ഞകാല നിലപാടുകളായിട്ടും ചരിത്രമായിട്ടും പ്രവൃത്തികളുടെ ചരിത്രമായിട്ടും പ്രവൃത്തികളുടെ പുസ്തകം കാണാവുന്നതാണ്: എന്തു സംഭവിച്ചു, എപ്പോൾ, എവിടെ, എന്തുകൊണ്ട്? ഇത്തരം പഠനങ്ങൾ, പ്രത്യേകിച്ചു *ആളുകൾ* ശരിയായി ശ്രദ്ധിച്ചാൽ രസാവഹമായിരിക്കും. ലൂക്കൊസിന്റെ ചരിത്രം തണുത്തതോ വ്യക്തിപരമല്ലാത്തതോ അല്ലായിരുന്നു. ദൈവമക്കളെ ഉത്തേജിപ്പിക്കുന്നതിനുള്ള ഒരു വഴിയായി അവൻ അതു ഉപയോഗിച്ചിരുന്നു.

പഴയ നിയമ ചരിത്രം എഴുതിയ എഴുത്തുകാരുടെ കാൽ പാടുകളെ ലൂക്കൊസ് പിൻപറ്റി എന്നതിൽ സംശയമില്ല, അവൻ വെറും ചരിത്രമായിരുന്നില്ല എഴുതിയത്. അവൻ *വിശുദ്ധ* ചരിത്രമാണ് എഴുതിയത്. *ദൈവം* മനുഷ്യരിൽ കൂടെ വ്യാപരിച്ചു – പരിശുദ്ധാത്മാവു മുഖാന്തരം,[2] ദൂതന്മാർ മുഖാന്തരം,[3] ദൈവശ്വാസീയ പ്രവാചകന്മാർ മുഖാന്തരം,[4] യേശു തന്നെത്താൻ പ്രത്യക്ഷപ്പെട്ടുകൊണ്ടു പോലും![5]

**2. തത്വങ്ങൾ**

ദൈവികതത്വങ്ങൾ അഥവാ ഉപദേശങ്ങൾ എന്ന നിലപാടിലും പ്രവൃത്തികളുടെ പുസ്തകം പഠിക്കാം. *രക്ഷയെ* കുറിച്ചുള്ള സത്യം ഈ പുസ്തകത്തിൽ നിന്നു കണ്ടെത്താം. ദൈവവചനം പ്രസംഗിച്ചിരുന്നു (നാല്പതിലധികം വാക്യങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവവചനമായി ഉദ്ധരിക്കുന്നു). ക്രിസ്തുവിൽ കേന്ദ്രീകരിച്ചായിരുന്നു പ്രസംഗങ്ങൾ. ആവശ്യപ്പെട്ട പ്രതികരണം (വിശ്വാസം, മാനസാന്തരം, സ്നാനം) – കർത്താവിനോടുള്ള – സമർപ്പണമായിരുന്നു!

രക്ഷ എന്ന വിഷയവുമായി അടുത്തു നില്ക്കുന്ന സഭയെ കുറിച്ചുള്ള സത്യവും പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം. സുവിശേഷ വിവരണങ്ങളിൽ മുഖ്യ പദം “രാജ്യം,”[6] ആയിരുന്നു. “സഭയെ” ക്കുറിച്ചുള്ള കുറച്ചു വാക്യങ്ങൾ മാത്രം നല്കി. പ്രവൃത്തിയുടെ, പുസ്തകത്തിൽ മുഖ്യ പദം “സഭ” എന്നാണ്. പ്രവൃത്തികളുടെ, പുസ്തകത്തിൽ “സഭ” എന്ന വാക്ക് ഇരുപതിലധികം പ്രാവശ്യം കണ്ടെത്താം. “രാജ്യം”[7] എന്ന വാക്കു ചുരുങ്ങിയ സന്ദർഭങ്ങളിൽ മാത്രം ഉപയോഗിച്ചിരിക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ സഭയുടെ ആരാധന, സഭയുടെ പ്രവർത്തനങ്ങൾ, സഭയുടെ സംഘടന, സഭയുടെ അച്ചടക്കം, പോലും കാണാവുന്നതാണ്.

പരിശുദ്ധാത്മാവിനെ കുറിച്ചുള്ള ദൈവിക സത്യവും നമുക്കു പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നു കണ്ടെടുക്കാം. തന്നെത്തന്നെ വെളിപ്പെടുത്തുക എന്നതല്ല, ദൈവാത്മാവിന്റെ ഉദ്ദേശമെങ്കിലും പ്രവൃത്തികളുടെ പുസ്തകത്തിൽ, അമ്പതിലധികം ഭാഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ എടുത്തു കാണിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ അത്ഭുത പ്രവൃത്തികളും അത്ഭുത – രഹിത പ്രവൃത്തികളും പുസ്തകത്തിൽ നിന്നു പഠിക്കാവുന്നതാണ്.[8]

**3. പ്രസംഗിക്കൽ**

പ്രസംഗനിലപാടിൽ കൂടെ പ്രവൃത്തികളുടെ പുസ്തകം പഠിക്കാം. പുസ്തകത്തിലെ പ്രസംഗങ്ങൾ വിശകലനം ചെയ്യുന്നതു പ്രയോജനം ചെയ്യും. ദൈവശ്വാസീയരായ പ്രാസംഗികന്മാർ യെഹൂദ സദസ്യരോടു പ്രസംഗിച്ചു. വ്യത്യസ്ത പശ്ചാത്തലത്തിലുള്ള, അവർ പ്രസംഗിച്ചു. ഒരു സുവിശേഷകൻ സഭയിലെ മൂപ്പന്മാരോടു പ്രസംഗിച്ചു (പ്രവൃത്തി 20:17–35)!

**4. പ്രാർത്ഥന**

പ്രാർത്ഥന എന്ന വിഷയത്തിന്റെ, വെളിച്ചത്തിൽ പ്രവൃത്തികളുടെ പുസ്തകം നമുക്കു പഠിക്കാം. ഏതെല്ലാം അവസരങ്ങളിൽ ആദ്യ ശിഷ്യന്മാർ പ്രാർത്ഥിച്ചുവെന്നും, രേഖപ്പെടുത്തിയ പ്രാർത്ഥനകളെ അപഗ്രന്ഥനം ചെയ്യുന്നതിനെ സംബന്ധിച്ചും മനസ്സിലാക്കാം. യേശുവിന്റെ ശിഷ്യന്മാരുടെ പ്രവൃത്തികളെല്ലാം പ്രാർത്ഥന നിറഞ്ഞു നിന്നിരുന്നു.

**5. പുരോഗതി**

പ്രാരംഭ സഭ എണ്ണത്തിൽ പെരുകി വന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ പുസ്തകം പഠിക്കാം. പ്രാരംഭ സഭ നാടകീയമായി വളർന്നു![9] ധ്രുതഗതിയിൽ അതെങ്ങനെ വളർന്നു? ഇതിന്റെ രഹസ്യവും എന്തായിരുന്നു? ക്രിസ്ത്യാനിത്വം വ്യാപിക്കുവാനിടയാക്കിയ സാഹചര്യങ്ങൾ ചിലതു പുസ്തക പഠനത്തിലൂടെ, നാം ശ്രദ്ധിക്കപ്പെട്ടു. ഉദാഹരണമായി, ഓരോ ക്രിസ്ത്യാനിയും സുവിശേഷം മറ്റുള്ളവരോടു പങ്കിടണം എന്നു ലൂക്കൊസ് ഊന്നി പറയുന്നുണ്ട്. പ്രവൃത്തിയുടെ പുസ്തകത്തിൽ സഭയുടെ ആവശ്യമായ പ്രവൃത്തി യേശുവിന്റെ സുവിശേഷീകരണമാണ്, കൂടാതെ, സുവിശേഷം എല്ലാവർക്കും ഉള്ളതെന്നു പ്രാധാന്യത്തോടെ പറയുന്നു. സുവിശേഷം യെഹൂദന്മാർക്കെന്ന പോലെ എല്ലാ ജാതികൾക്കും ഉള്ളതാണെന്ന പ്രാമുഖ്യം പ്രവൃത്തികളുടെ പുസ്തകത്തിൽ, അധിക ഭാഗവും പറയുന്നു: കൂടാതെ സുവിശേഷം ധനവാന്മാർക്കും ദരിദ്രർക്കും, വിദ്യാഭ്യാസം ഉള്ളവർക്കും ഇല്ലാത്തവർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും, യുവാക്കൾക്കും, പ്രായമായവർക്കും ധാർമ്മികർക്കും അധാർമ്മികർക്കും എന്നിങ്ങനെ എല്ലാ തരത്തിലുള്ളവർക്കും സുവിശേഷം ആവശ്യമാണ് (പരിവർത്തന ഉദാഹരണങ്ങളും അവയുടെ വ്യത്യസ്തതയും ചിന്തിക്കുക).

## പ്രവൃത്തി

നാം കണ്ടതുപോലെ, ുപ്രവൃത്തികളുടെ പുസ്തകത്തിലൂടെ വ്യത്യസ്ത പ്രാധാന്യം നോക്കി വീണ്ടും വീണ്ടും പ്രയോജനകരമായി പ്രവൃത്തികളുടെ പുസ്തകം പഠിക്കാം. നമുക്ക് എങ്ങനെയായാലും ഇതു പഠിക്കുവാനുള്ള ഒരവസരമേയുള്ളൂ. അതുകൊണ്ടു, ഇപ്പോൾ, പറഞ്ഞ വിഷയങ്ങളെ, എല്ലാം പരമാവധി സ്പർശിക്കുവാൻ നോക്കാം, സാദ്ധ്യമായ പഠനമേഖലയിൽ നിങ്ങളെ ഉണർത്തുവാൻ സഹായിക്കാനേ എനിക്കു കഴിയു. പിന്നെ നിങ്ങളുടെ ജീവിതത്തിലെ ശേഷിച്ച

സമയം പ്രവൃത്തികളുടെ പുസ്തകം ആഴത്തിൽ പഠിക്കുക.

മറ്റുള്ള വാല്യങ്ങളിൽ നിന്നു വിപരീതമായി പ്രവൃത്തികളുടെ പുസ്തകത്തിൽ എന്റെ സമീപനം *ഹൊമിലെറ്റിക്കൽ,* ആണ്. അതായതു പ്രസംഗത്തിനും പഠനത്തിനും ഉപയോഗിക്കാവുന്ന രീതി. ഞാൻ ഇതിനു തുടക്കം കുറിച്ചപ്പോൾ (മുഖവുര കൂടാതെ), ഇരുപത്തി – ആറു പാഠങ്ങൾ കൊണ്ടു തീർക്കുവാനായിരുന്നു പ്ലാനിട്ടത്. അങ്ങനെ ഈ പഠനം ആഗ്രഹിക്കുന്നവർക്കു ആറു – മാസം കൊണ്ടു തീർക്കാം. ചില പാഠങ്ങൾ നീണ്ടതാണെന്നു എനിക്കു പെട്ടെന്നു മനസിലാക്കാൻ കഴിഞ്ഞു, അതിനെ വീണ്ടും രണ്ടു മൂന്നു പാഠങ്ങളാക്കി. പ്രവൃത്തികളുടെ പുസ്തകത്തിൽ, ഇരുപത്തെട്ടു അദ്ധ്യായങ്ങൾ ഉള്ളതിനാലും, പലതിലും വലിയ സത്യങ്ങൾ അടങ്ങിയിരിക്കുന്നതിനാലും, എന്റെ പാഠങ്ങൾ ദീർഘമായതിനാൽ പലതും ക്ലാസിലെ പഠനത്തിലോ, പ്രസംഗത്തിലോ ഒതുങ്ങുകയില്ല എന്നെനിക്കറിയാം. നിങ്ങൾക്കു ആവശ്യമായ രീതിയിൽ തിരഞ്ഞു പെറുക്കി ഉപയോഗിക്കാം. നിങ്ങളുടെ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം വിദ്യാർത്ഥികളുടെ ആത്മീയാവശ്യങ്ങളാണ്.

എന്റെ സമീപനം ഹൊമിലെറ്റിക്കൽ,ആണെങ്കിലും വേദഭാഗത്തിലെ എല്ലാ പോയിന്റുകളും മതിയായ വിധത്തിൽ കൈകാര്യം ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. മുഖ്യ പാഠത്തിൽ എല്ലാം വിശദമാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, കുറിപ്പുകളിലും അനുബന്ധ ലേഖനങ്ങളിലും വിശദീകരിക്കും.[10] ഈ പഠന പരമ്പര പിന്നീട് കൂടുതൽ സ്ഥിരമായ രീതിയിൽ വരും. എന്നാൽ ഏതെങ്കിലും വിഷയത്തെ മതിയായ രീതിയിൽ വിശദമാക്കിയില്ലെന്നു കണ്ടാൽ അതു അറിയിക്കുവാൻ താല്പര്യം കാണിക്കുമല്ലോ. നിങ്ങൾ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്ന അഭിപ്രായത്തെ ഞാൻ വില മതിക്കും.

ഈ ലേഖനം കഴിവതും പ്രായോഗികമാക്കുവാൻ, പ്രസംഗ കുറിപ്പുകളും ചേർത്തിട്ടുണ്ട്. ആ വഴിയിലും പുസ്തകത്തെ സമീപിക്കാം, കൂടുതൽ ദൃശ്യവൽക്കരിക്കുവാൻ മറ്റു കുറിപ്പുകളും എഴുതിയിട്ടുണ്ട്,സ്ഥലം അനുവദിക്കുമെങ്കിൽ ഏതാനും അനുബന്ധലേഖനങ്ങളും ഉൾപ്പെടുത്താം. ഈ "പദ്ധതിപരമ്പര" അപ്പൊസ്തല പ്രവൃത്തികൾ ഉപദേശിക്കുവാനും പ്രസംഗിക്കുവാനും നിങ്ങൾക്കു ഉപകാരപ്രദമാകും എന്നു ഞാൻ പ്രത്യാശിക്കുന്നു.

സാധാരണ പോലെ, ഈ പദ്ധതി തയ്യാറാക്കുന്നതിനു വിവിധ ഉറവിടങ്ങളെ ഞാൻ ആശ്രയിച്ചിട്ടുണ്ട്, അവയിൽ അധികവും നിങ്ങൾക്കു കുറിപ്പുകളിൽ നിന്നു മനസിലാകും. നാല്പതിലധികം വർഷമായി ഞാൻ പ്രവൃത്തികളുടെ പുസ്തകം പ്രസംഗിക്കയും ചെയ്തുകൊണ്ടിരിക്കുന്നതിൽ എന്റെ മനസിലാക്കലിന്നു സംഭാവന ചെയ്ത എല്ലാവർക്കും ക്രെഡിറ്റ് നല്കുവാൻ നിർവ്വാഹമില്ല. എങ്കിലും എബിലീൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി 1954–ൽ–എന്നെ ഗ്രീക്കു പഠിപ്പിച്ച അദ്ധ്യാപകനായ ജെ.ഡബ്ലിയു. റോമർട്ട്സണിനെ എടുത്തു പറയുക തന്നെ വേണം. ഈ വർഷങ്ങളിലെല്ലാം ഞാൻ ഈ പുസ്തകത്തിൽ ഉപയോഗിച്ച വാക്യങ്ങൾ ജെ. ഡബ്ലിയു. മെക്ഗാർവെയുടെ ക്ലാസിക് *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്റ്റൽസീൽ നിന്നാണ്.*[11] ഈ

പരമ്പരയിൽ, ഞാൻ ആദ്യമെന്നോണം, ഈ പുസ്തകത്തെ സമീപിക്കട്ടെ. സമയം അനുവദിക്കുവോളം ആഴത്തിൽ പഠിക്കാം.

**ഉപസംഹാരം**

പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞ കാലയളവിൽ യേശു ക്രിസ്തു വെറുതെ തന്റെ "ഉപദേശവും പ്രവൃത്തികളും" തുടരുകയായിരുന്നില്ല. അവൻ തന്റെ ശരീരമായ, സഭയിൽ[12] ജീവിക്കുന്ന സാന്നിദ്ധ്യമായിരുന്നു! അവൻ തുടർച്ചയായി നമ്മിൽ പ്രവൃത്തിച്ചുകൊണ്ടിരുന്നു. നാം അവന്റെ കണ്ണുകളും, കൈകളും, കാലുകളും, ചെവികളും ആണ് (1 കൊരിന്ത്യർ 12:12–27). സഭാചരിത്രം ദൈവം സ്വർഗ്ഗത്തിൽ നിത്യമായി, രേഖപ്പെടുത്തി കൊണ്ടിരിക്കയാണ്. അവൻ ഇപ്പോൾ 20–ാം വാല്യം ചുരുട്ടിവെച്ചു 21–ാം[13] വാല്യം തുടങ്ങുവാൻ പോകുന്നു. അവൻ എഴുതിയതിൽ തൃപ്തിപ്പെടുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടോ? പുതിയ നിയമ ക്രിസ്ത്യാനികളുടെ ഉപദേശം മാത്രമല്ല, ദൈവം പുനസ്ഥാപിക്കാനാഗ്രഹിക്കുന്നുത്. അവരുടെ ആത്മാവും, ഉത്സാഹവും ഉണ്ടാകണമെന്നാണ്! ഈ പഠനം അതിനു സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു!

## പ്രസംഗ ക്കുറിപ്പുകൾ

*നിങ്ങൾ* പ്രവൃത്തികളെ ആസ്പദമാക്കി പ്രസംഗങ്ങൾ, തയ്യാറാക്കുന്നുവെങ്കിൽ "പ്രവൃത്തി" എന്ന വിഷയം ആമുഖമായി എടുത്തു അവതരിപ്പിക്കാം.

ഡോൺ വില്ലിംഗാമിന്റ പ്രസംഗം "ലോകത്തെകീഴ്മേൽ മറിക്കും" 60കളിൽ ക്രിസ്തീയ പ്രസാധകരേഖയാക്കിയിരുന്നു. ഈ പാഠത്തിൽ ആദിമ സഭ ശക്തവും വിജയവുമായിതീർന്ന, നിർദ്ദേശങ്ങൾ മാതൃകയായി എടുക്കാവുന്നതാണ്. അതിലെ പ്രതിപാദ്യങ്ങൾ അധികവും പ്രവൃത്തികളുടെപുസ്തകത്തിൽനിന്ന് എടുത്തിട്ടുള്ളതാണ്. അവൻ അതിൽ *മനോഭാവത്തിന്* ഊന്നൽ കൊടുത്തിരിക്കുന്നു: ക്രിസ്ത്യാനിത്വത്തോടുള്ള ക്രിസ്ത്യാനികളുടെ മനോഭാവം, അവരുടെ ജീവിതം, പ്രാർത്ഥന, എന്നിവ ആദിമസഭയുടെ സവിശേഷത നമുക്കുണ്ടാകണം. ഈ വിധത്തിൽ നിങ്ങൾ പാഠങ്ങൾ വിപുലീകരിച്ചെടുക്കുക.

---

കുറിപ്പുകൾ

[1]കൂടുതൽ വിശദമായ ബാഹ്യരൂപരേഖ ഈ പുസ്തകത്തിൽ 1 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ കൊടുത്തിട്ടുണ്ട്. [2]പ്രവൃത്തി 13:2; 15:28; 16:6. [3]പ്രവൃത്തി 5:19, 20; 8:26; 27:23. [4]പ്രവൃത്തി 11:28; 20:11, 12. [5]പ്രവൃത്തി 18:9; 23:11. [6]ഇതു പഴയനിയമപ്രവാചകന്മാരെല്ലാം മശിഹവന്നു രാജ്യം സ്ഥാപിക്കും എന്നു ഊന്നിപറഞ്ഞതുകൊണ്ടാണ്. [7]ആയിരമാണ്ടിന്നു മുൻപുള്ള സിദ്ധാന്തത്തിൽ വിശ്വ

സിക്കുന്നവർ (ഗ്ലോസെറി നോക്കുക) അവർ പറയുന്നതു ദൈവം രാജ്യം സ്ഥാപിക്കുവാൻ, തീരുമാനിച്ചു. പക്ഷേ പകരം സഭ സ്ഥാപിച്ചു എന്നാണ്. പഴയ നിയമ പ്രവാചകന്മാർ പ്രവചിച്ചതനുസരിച്ചാണ് യേശുവിന്റെ ഉയിർപ്പിനുശേഷം സഭ സ്ഥാപിച്ചതു. [8]പ്രവൃത്തിയിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ എന്ന അനുബന്ധലേഖനം ഈ പരമ്പരയിൽ അവസാനം കാണും. [9]ആറു "ചുരുക്ക പ്രസ്താവനകൾ" വായിക്കുക (ലൂക്കൊസ് 6:7; 9:31; 12:24; 16:5; 19:20; 28:30, 31). ഓരോന്നും *വളർച്ചയുടെ* ചുരുക്കമൊണ്. [10]അനുബന്ധ ലേഖനങ്ങൾ പരമ്പരയിൽ ചിതറി കിടക്കുകയാണ്. സ്ഥലം ഉള്ളേടത്തു ചേർത്തിരിക്കും. അതുകൊണ്ടു വാക്യങ്ങൾ ഒരു ലക്കത്തിൽ നിന്നു അടുത്തതിലേക്കു ചേർത്തിരിക്കും.

[11]ജെ. ഡബ്ലിയു. മെക്ഗാർവേ,*ന്യൂ കമന്ററി ഓൺ ആക്സ് ഓഫ് ദി അപ്പൊസ്തൽസ്* (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., ി.റ.). മെക്ഗാർവെയുടെ കമന്ററിയുടെ എല്ലാ ലൈബ്രറിയിലും ലഭിക്കും. അതിൽ ആവശ്യമുള്ളവിവരങ്ങൾ, അപ്പൊസ്തലപ്രവൃത്തകളെക്കുറിച്ച് ലഭിക്കും. [12]എഫെസ്യർ 1:22, 23 സൂചിപ്പിക്കുന്നതു ശരീരം സഭയാണെന്നാണ്. [13]20–ാം നൂറ്റാണ്ട് കഴിഞ്ഞു, 21–ാം നൂറ്റാണ്ടു തുടങ്ങി.